(സി) പെരിന്തൽമണ്ണ സബ് ഡിപ്പോയിൽനിന്ന് 23 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ഡി) വണ്ടികളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ഷെഡ്യൂളുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ നടന്ന പ്രസവം

591 [850] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1977–78, 1978–79 വർഷങ്ങളിൽ ട്രാൻസ്പോർട്ട് ബസ്സുകളിൽ എത്ര പ്രസവം നടന്നിട്ടുണ്ട്?

ഉത്തരം

വിവരം ശേഖരിച്ചിട്ടില്ല.

തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം

592 [851] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ അത്താണി എന്ന സ്ഥലത്തുണ്ടായ ബസ്സപകടത്തിൽ എത്ര പേർ മരിച്ചു;

(ബി) മരിച്ചവരുടെ കുടുംബക്കാർക്ക് ഗവൺമെൻറിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുത്തു;

(സി) അത്താണി ബസ്സപകടത്തിൽ ഓടിച്ചിരുന്ന ബസ്സിന്റെ ഇൻഷ്വറൻസ് പുതുക്കിയിരുന്നില്ലെന്നുള്ള കാര്യം ശരിയാണോ;

(ഡി) അതുകൊണ്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം നഷ്ടപ്പെടുമോ;

(ഇ) ഇക്കാര്യം ശരിയായിരുന്നു എങ്കിൽ ഇൻഷ്വറൻസ് പുതുക്കാതെ ബസ്സ് ഓടിക്കുവാൻ അനുവദിച്ച ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തുവോ;

(എഫ്) ഇൻഷ്വറൻസ് സമയത്ത് അടയ്ക്കാതെ ബസ്സുകൾ ഓടിക്കുന്നത് സമയത്ത് തടയാൻ എന്തെങ്കിലും നടപടികൾ എടുക്കുമോ?

ഉത്തരം

(എ) അത്താണി ബസ്സപകടത്തിൽ 16 പേർ മരിച്ചു.

(ബി) മരിച്ചവരുടെ അവകാശികൾക്ക് ഗവൺമെൻറും റെയിൽവേ അധികൃതരും 1000 രൂപ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) ശരിയല്ല. ബസ്സിന്റെ ഇൻഷ്വറൻസ് 16–4–1979 വരെ പുതുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കാലാകാലങ്ങളിൽ മോട്ടോർ വാഹനങ്ങൾ പൊതുനിരത്തുകളിൽ വെച്ചു മിന്നൽ പരിശോധന നടത്തുകയും വീഴ്ച വരുത്തുന്ന വാഹന ഉടമയ്ക്കെതിരെ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നു. നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിനും മോട്ടോർ വെഹിക്കിൾസ് വകുപ്പിനും ഇതിനുള്ള അധികാരമുണ്ട്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

593 [852] ശ്രീ. പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷന് എത്ര കപ്പലുകൾ ഉണ്ട്;

(ബി) കോർപ്പറേഷൻ പുതുതായി കപ്പൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേരളാ ഷിപ്പിംഗ് കോർപ്പറേഷൻ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(ഡി) ലാഭമോ നഷ്ടമോ എത്ര?

ഉത്തരം

(എ) ഒരു കപ്പൽ.

(ബി) പുതുതായി ഒരു കപ്പൽകൂടി ഉടനെ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) നാളിതുവരെ 82.81 ലക്ഷം രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ കൂടുതൽ കമ്പയിലർമാരെ നിയമിക്കാൻ നടപടി

594 [853] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കാരുടെ അംഗസംഖ്യ താരതമ്യേന കുറവായ എറണാകുളം ഗവൺമെൻറ് പ്രസ്സിൽ സാങ്കേതിക ജോലിക്കാരുടെ ഔട്ട്ടേൺ ഷീറ്റ്സ് വാല്യൂ ചെയ്യുന്നതിന് പത്തു കമ്പയിലർമാർ ഉള്ളപ്പോൾ കൂടുതൽ സാങ്കേതിക ജോലിക്കാരും ഫൗണ്ടറി മുതലായ പ്രത്യേക സെക്ഷനുകളും ഉള്ള ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ഇതേ ജോലി ചെയ്യുന്നതിന് 6 കമ്പയിലർമാരെ മാത്രംനിയമിച്ചിട്ടുള്ള വിവേചനത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുറവ് പരിഹരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly